"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - വർക്കിങ് ഗ്രൂപ്പ് - 'ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ 2025-26' എന്ന പദ്ധതിയുടെ നടത്തിപ്പിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.247/2025/TSM തീയതി,തിരുവനന്തപുരം, 05-05-2025

---

പരാമർശം:-

1. 30.05.2019 തീയതിയിലെ സ.ഉ. (കൈ) നം.3/2019/ടൂറിസം നമ്പർ ഉത്തരവ്.
2. 07.04.2025 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ DOT/1026/2025-P7 നമ്പർ കത്ത്.
3. 22.04.2025 ന് ചേർന്ന വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

**<u>ഉത്തരവ്</u>**

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പു വരുത്തുന്നതിനും, ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനുമായി കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർമാരുടെ സഹകരണത്തോടെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ". പ്രസ്തുത പദ്ധതിയുടെ 2025 - 26 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള നടത്തിപ്പിനായി 10,69,20,000./- (പത്ത് കോടി അറുപത്തി ഒമ്പത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയുടെ പദ്ധതി പ്രൊപ്പോസൽ പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

(2) 2025-26 സാമ്പത്തിക വർഷം സംസ്ഥാനത്തെ 14 ജില്ലകളിലെ 122 ഡെസ്റ്റിനേഷനുകൾക്കായി 645 പേരുടെ മാനവവിഭവശേഷി ആവശ്യമുള്ളതായി വകുപ്പ്

ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഒരാളുടെ ഒരു മാസത്തെ പ്രതിഫലം ₹13,500/- രൂപയും, ഒരു വർഷത്തിൽ ഒരാൾക്ക് ₹ 625/- രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനായും ₹3,125/- രൂപ രണ്ട് ജോഡി യൂണിഫോം വാങ്ങുന്നതിനായും ഉൾപ്പെടുത്തിയിട്ടുണ്ട്. 22.04.2025 ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പരാമർശം (3) പ്രകാരം ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, "ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ 2025 - 26" പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി, ₹ 10,69,20,000//- (പത്ത് കോടി അറുപത്തി ഒൻപത് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നടപ്പ് സാമ്പത്തിക വർഷത്തിലെ "5452-01-101-99-34-00-03-അപ്ഗ്രഡേഷൻ, ക്രിയേഷൻ ഓഫ് ഇൻഫ്രാസ് ട്രക്ചർ ആന്റ് അമിനിറ്റിസ് (പ്ലാൻ) " എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) പ്രസ്തുത പദ്ധതി കുടുംബശ്രീ മുഖാന്തരം 14 ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളും ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്. പദ്ധതിയുടെ നടത്തിപ്പിനായി പരാമർശിത സർക്കാർ ഉത്തരവിലെ എല്ലാ നിബന്ധനകളും നിർബന്ധമായും പാലിക്കേണ്ടതും പദ്ധതിച്ചെലവ് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി.ജഗദീഷ്

അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 & 1 ) കേരള, തിരുവനന്തപുരം
4. ചീഫ്, പ്ലാൻ കോ ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
5. സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
6. ധനകാര്യ വകുപ്പ്
7. വിവര പൊതുജന സമ്പർക്ക വകുപ്പ് (web)
8. കരുതൽ ഫയൽ /ഓഫീസ് കോപ്പി (ഫയൽ നം. സി1/173/2025-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 06-05-2025 16:23:44

സെക്ഷൻ ഓഫീസർ

പകർപ്പ് : വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ